(ഡി) ഉണ്ടെങ്കിൽ, അവ ഏതെല്ലാം പുതിയ കോഴ്സുകളാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ നിലവിൽ ഹോമിയോപതിക് ഫിലോസഫി, മെറ്റീരിയ മെഡിക്ക, റിപ്പർട്ടറി എന്നീ മൂന്നു വിഷയങ്ങളിൽ പി.ജി. കോഴ്സ് നടത്തിവരുന്നു.

(സി&ഡി) പ്രാക്ടീസ് ഓഫ് മെഡിസിൻ, ഹോമിയോപതിക് ഫാർമസി എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുജനാരോഗ്യ രംഗത്തെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക

91 (857) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 വർഷത്തിൽ പൊതുജനാരോഗ്യ മംഗത്തുള്ള വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ബി) യഥാർത്ഥത്തിൽ ചെലവാക്കിയ തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-03 വർഷത്തിൽ പൊതുജനാരോഗ്യ മംഗത്തുള്ള വികസന പ്രവർത്തനങ്ങൾക്കായി ഭരണപരമായ ചെലവുകൾ ഉൾപ്പെടെ 730.69 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) യഥാർത്ഥത്തിൽ ചെലവാക്കിയ തുകയുടെ വിശദമായ കണക്കുകൾ ലഭിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച താൽക്കാലിക കണക്കുപ്രകാരം പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ഭരണപരമായ ചെലവുകൾ ഉൾപ്പെടെ 699.86 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം

92 (858) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും വികസനവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നബാർഡിന്റെ സഹായത്തോടുകൂടി ഗ്രാമീണാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

93 (860) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ ആരോഗ്യ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്നും ഓരോ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും ഗ്രാന്റായി ലഭിക്കുന്ന തുക എത്ര ; കടമായി ലഭിക്കുന്ന തുക എത്രയെന്നും വെളിപ്പെടുത്താമോ ;

(ഡി) ഗ്രാന്റ് അല്ലെങ്കിൽ കടമായി പണം ലഭിക്കുന്നതിന് ഉപാധികൾ ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഏതൊക്കെ സംഘടനകൾ, സൊസൈറ്റികൾ, വ്യക്തികളാണ് ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് ;

(എഫ്) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ജി) ഏതൊക്കെ ജില്ലകളുടെ ഏതൊക്കെ പ്രദേശത്താണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ;

(എച്ച്) ടി പദ്ധതിയുടെ ഭാഗമായി ഏതെങ്കിലും സർവ്വീസിന് പണം ഈടാക്കുന്നുണ്ടെങ്കിൽ അവ എന്തിനൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന ഒരു പദ്ധതിയും സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനായുള്ള മറ്റൊരു പദ്ധതിയും ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുവേണ്ടി 310.4 കോടി രൂപയുടെയും മെഡിക്കൽ കോളേജുകളുടെയും മെഡിക്കൽ കോളേജ് ആശുപത്രികളുടെയും വികസനത്തിനായി 128 കോടി രൂപയുടെയും പദ്ധതിയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ആരോഗ്യമേഖലയുടെ സമഗ്രവികസനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ മുകളിലോട്ടുള്ള ആശുപത്രികളുടെ നവീകരണം, ആരോഗ്യരംഗത്ത് നൽകി

LIBRARY ARCHIVES Kerala Legislative Assembly